## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2016-ന് രാവിലെ 11.30-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ചു നടന്ന യോഗനടപടിക്കുറിപ്പ്

1. പൊതു വിഷയങ്ങൾ

1.1 സ്പിൽഓവർ പദ്ധതി ഭേദഗതി സംബന്ധിച്ച്

സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഭേദഗതി അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചത് വർഷത്തിന്റെ അവസാന ദിവസമായതിനാൽ ഈ ഫണ്ടു ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് 15.04.2014-ലെ സ.ഉ.(സാധാ)1458/16/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

1.2 പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച്

പ്രോജക്ടുകളുടെ വെറ്റിംഗ് നടത്തുന്ന ഉദ്യോഗസ്ഥൻമാർ വ്യക്തമായ കാരണം രേഖപ്പെടുത്താതെ അനുമതി നിഷേധിക്കാൻ പാടില്ല. നിരസിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിയമവിധേയമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മറ്റ് പ്രോജക്ടുകൾക്കൊപ്പം സുലേഖയിൽ അപ്പീൽ മാർക്ക് ചെയ്ത് ഡി.പി.സി.ക്ക് അയയ്ക്കാവുന്നതാണ്. ഡി.പി.സി. അത്തരം പ്രോജക്ട് പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. പരിശോധനയിൽ നിരസിക്കുന്ന പ്രോജക്ടുകൾ ഒഴികെയുള്ളവയ്ക്ക് ഡി.പി.സി. അംഗീകാരം നൽകേണ്ടതാണ്. ഈ സംവിധാനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.

1.3 ഫണ്ട് റീകൺസിലിയേഷൻ സംബന്ധിച്ച്

ധനകാര്യവകുപ്പിന്റെ 2015-16-ലെ ബാക്കി തുക അനുവദിച്ചുകൊണ്ടുള്ള 21.07.2014-ലെ സ.ഉ.(സാധാ)6146/16/ധന ഉത്തരവ് 26.07.2016-ലെ സ.ഉ.(സാധാ)6298/16/ധന ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടാനുള്ള തുക ട്രഷറിയുമായി ഒത്തുനോക്കി ശേഖരിക്കേണ്ടതുണ്ട്.ധനകാര്യവകുപ്പിലെയും ട്രഷറിയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഇതിനുവേണ്ട നിർദ്ദേശം നൽകേണ്ടതാണ്.2016-17 ലെ പദ്ധതി അംഗീകാരം 2015-16 -ലെ നീക്കിയിരിപ്പ് തുക അനുവദിച്ചുകൊണ്ടുള്ള ധനകാര്യവകുപ്പിന്റെ ഉത്തരവ് റദ്ദ് ചെയ്ത സാഹചര്യത്തിൽ 2015-16 അനുവദനീയമായ തുകയ്ക്ക് പദ്ധതി തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പിക്കാവുന്നതാണ്. പണി പൂർത്തിയാക്കിയ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക നൽകുന്നതിന് തടസമാവുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.റീക്കൺസിലിയേഷൻ പൂർത്തിയാക്കി

ധനകാര്യവകുപ്പ് തുക അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക തദ്ദേശഗവൺമെന്റുകൾക്ക് അധികവിഹിതമായി ഉപയോഗിക്കാവുന്നതാണ്.

1.4 അധിക പദ്ധതി വിഹിതം സംബന്ധിച്ച്

2016–17 വാർഷിക ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ധനസഹായമായി വകയിരുത്തിയ 500 കോടി രൂപയിൽ നിന്നും 191.97 കോടി രൂപ ജില്ലാ പഞ്ചായത്തുകളും, കോർപ്പറേഷനുകളും സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിച്ചിട്ടുള്ള ശുചിത്വത്തിന്റെ ഭാഗമായുള്ള ഖര/ദ്രവ മാലിന്യ സംസ്ക്കരണം, ശ്മശാനങ്ങളുടെ നിർമ്മാണം ആധുനിക അറവുശാലകളുടെ നിർമ്മാണം, തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം എന്നീ പ്രോജക്ടുകൾക്ക് 70 ശതമാനം സംസ്ഥാന വിഹിതമായി തുക വകയിരുത്തുന്നതിന് അനുമതി നൽകുന്നു ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

1.5 പണി പൂർത്തീകരിക്കുന്നതിനായി ഭവന നിർമ്മാണത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച്

ബഹു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥതല യോഗത്തിൽ 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ധനസഹായം നൽകാൻ തീരുമാനമെടുത്തതായി കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തു. ഇത് കണക്കിലെടുത്ത് വിവിധ ഭവന പദ്ധതികളിൽ ഒന്നോ അതിൽ കൂടുതലോ ഗഡുക്കൾ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് തറ വിസ്തീർണ്ണം 660 ചതുരശ്ര അടിയിൽ കൂടുതലായ തിനാൽ ബാക്കി ഗഡുക്കൾ ലഭിക്കാതിരിക്കുകയും വീട് പണി പൂർത്തിയാകാ തെയിരിക്കുകയും ചെയ്യുന്ന കേസുകളിൽ വീടിന്റെ തറ വിസ്തീർണ്ണം 750 ചതുരശ്ര അടി അധികരിക്കാത്ത ഗുണഭോക്താക്കൾക്ക് ബാക്കി ഗഡുക്കൾ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനു തീരുമാനിച്ചു.

1.6 പി.എം.എ.വൈ പദ്ധതിയിൽ നഗരസഭാ അതിർത്തിക്കുള്ളിൽ സ്വന്തമായി സ്ഥലം ഇല്ലാത്തവരും എന്നാൽ നഗരസഭയോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകളിൽ സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കാൻ കഴിയാവുന്ന ഗുണഭോക്താക്കളുടെ പട്ടിക ഗുണഭോക്താക്കളുടെ സമ്മതത്തോടെ അടിയന്തിരമായി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിന് നഗരസഭകൾ നടപടി സ്വീകരിക്കേണ്ടതാണ്.

2. പ്രത്യേക വിഷയങ്ങൾ

2.1 കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 160 കുടുംബങ്ങൾക്ക് നിബന്ധനകൾ പ്രകാരം ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച

കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 160 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതി ഏറ്റെ ടുക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

2.2 (ഫയൽ നം. 1191/ഐ.ബി.1/16/തസ്വഭവ)

അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സ്കീം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ അഹാഡ്സിന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കിലയുടെ ''റീജിയണൽ സെന്ററാ''ക്കി മാറ്റി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അവർക്കുതന്നെ ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു

2.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദി ക്കുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

2.4 പേരയം ഗ്രാമപഞ്ചായത്ത് (ശ്രീ. എഡ്വേർഡ് എന്ന ആളിന് കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിന് അനുമതി സംബന്ധിച്ച്)

ശ്രീ. എഡ്വേർഡ് എന്ന ആളിന് കുഴൽക്കിണർ നിർമ്മിച്ചതിന് തുക അനുവദിക്കുന്നതിന് പേരയം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി തീരുമാനിച്ചു.

2.5 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുക്കുകയും പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധിയിലായതിന്റെ സാഹചര്യത്തെക്കുറിച്ചും അതിന് ഉത്തരവാദികളായവരെയും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2.6 തിരുവല്ല നഗരസഭ

കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ ജനപ്രതിനിധികൾക്ക് വാഹനം വാങ്ങുന്നതിന് 17 ലക്ഷം രൂപ

വരെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഇതിനായി ആവശ്യമായ അനുമതി ധനകാര്യ വകുപ്പിൽ നിന്നും തേടി ആവശ്യമായ ഉത്തരവ് നൽകുന്നതിനും തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്ക് 2.00 മണിക്ക് അവസാനിച്ചു)

അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 10.08.2016 രാവിലെ 11.30 ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ കൂടുന്നതിന് തീരുമാനിച്ചു)